പതിനാലാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 1736 — 03.05.2017 -ൽ മറുപടിക്ക്.

## റേഷൻ അരിയുടെ ചെലവും സബ്സിഡിയും

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.ഒ. രാജഗോപാൽ** | **ശ്രീ. പി. തിലോത്തമൻ (ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പ് മന്ത്രി)** |
| (എ) ഒരു കിലോഗ്രാം റേഷൻ അരി സംസ്ഥാനത്തിന് ലഭ്യമാക്കുന്നതിന് ട്രാൻസ്പോർട്ട് ചാർജ് ഉൾപ്പെടെ എത്ര രൂപയാണ് കേന്ദ്ര സർക്കാർ ചെലവഴിക്കുന്നത്; ഇതിൽ കേരള സർക്കാരിന്റെ വിഹിതം എത്രയാണ് ; | (എ) 2017-18 ൽ ഒരു കിലോഗ്രാം റേഷൻ അരി സംസ്ഥാനത്തിന് ലഭ്യമാക്കുന്നതിന് കേന്ദ്ര സർക്കാർ 32.64/- രൂപയാണ് ചെലവഴിക്കുന്നത്. എ.എ.വൈ ഉൾപ്പെടെയുള്ള മുൻഗണനാ വിഭാഗത്തിനുള്ള അരി കിലോഗ്രാമിന് 3/- രൂപയും ടൈഡ് ഓവർ വിഹിതത്തിലുള്ള അരി കിലോഗ്രാമിന് 8.30/- രൂപയുമാണ് സംസ്ഥാനം വാങ്ങുന്നത്. |
| (ബി) ഈ സർക്കാരിന്റെ കാലത്ത്, കേന്ദ്ര സർക്കാരിൽ നിന്നും ലഭിച്ച റേഷൻ അരി എത്രയാണെന്ന് പറയാമോ ; എന്ത് വിലയ്ക്കാണ് കേന്ദ്ര സർക്കാർ സംസ്ഥാനത്തിന് അരി ലഭ്യമാക്കുന്നത് ; | (ബി) ഈ സർക്കാരിന്റെ കാലത്ത് കേന്ദ്ര സർക്കാരിൽ നിന്ന് ലഭിച്ച റേഷൻ അരിയുടെ അളവും വിലയും സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധം -1 ആയി ചേർക്കുന്നു. |
| (സി) റേഷൻ അരിക്ക് സംസ്ഥാന സർക്കാർ എത്ര രൂപയുടെ സബ്സിഡിയാണ് നൽകുന്നത്; വിശദാംശങ്ങൾ ലഭ്യമാക്കുമോ ? | (സി) എ.എ.വൈ. ഉൾപ്പെടെ മുൻഗണനാ വിഭാഗങ്ങൾക്ക് അരി സൗജന്യമായി നൽകി വരുന്നു. കൂടാതെ മുൻഗണനേതര വിഭാഗത്തിലെ അർഹരായ കാർഡിലെ അംഗങ്ങൾക്ക് 2 കിലോഗ്രാം അരി വീതം കിലോഗ്രാമിന് 2/- രൂപ നിരക്കിൽ നൽകി വരുന്നു. റേഷൻ അരിയ്ക്ക് സംസ്ഥാന സർക്കാർ ഒരു മാസത്തേയ്ക്ക് നല്കി വരുന്ന സബ്സിഡി സംബന്ധിച്ച വിവരം അനുബന്ധം -2 ആയി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

## അനുബന്ധം - 1

അളവ് (മെ.ടണ്ണിൽ)

| | കാലയളവ് | അരി |
|---|---|---|
| TPDS പൊതുവിതരണ സമ്പ്രദായ പ്രകാരം | 05/16 മുതൽ 06/16 വരെ അധിക വിഹിതമുൾപ്പടെ ലഭിച്ചത് | 212034.000 |
| | 07/16 മുതൽ 10/16 വരെ നോർമൽ വിഹിതം മാത്രം | 333908.000 |
| NFSA പ്രകാരം | 11/16 മുതൽ 03/17 വരെ | 504415.256 |
| | 04/17 മുതൽ 05/17 വരെ | 191431.584 |
| **ആകെ** | | **1241788.840** |

ഭക്ഷ്യ ഭദ്രത നിയമം (NFSA) സംസ്ഥാനത്ത് നടപ്പിൽ വരുന്നതിനു മുൻപ് കേന്ദ്ര സർക്കാർ സംസ്ഥാനത്തിന് റേഷൻ അരി അനുവദിച്ചിരുന്ന നിരക്ക്.

| ഇനം | കേന്ദ്ര സർക്കാരിൽ നിന്ന് അനുവദിച്ചിരുന്ന വില (കി.ഗ്രാമിന്) |
|---|---|
| എ.എ.വൈ. അരി | 3 രൂപ |
| ബി.പി.എൽ. അരി | 5.65 രൂപ |
| എ.പി.എൽ. അരി | 8.30 രൂപ |

ഭക്ഷ്യ ഭദ്രത നിയമപ്രകാരം കേന്ദ്ര സർക്കാർ സംസ്ഥാനത്തിന് റേഷൻ അരി അനുവദിക്കുന്ന നിരക്ക്.

| ഇനം | കേന്ദ്ര സർക്കാരിൽ നിന്ന് ഇപ്പോൾ അനുവദിക്കുന്ന വില (കി.ഗ്രാമിന്) |
|---|---|
| എ.എ.വൈ. ഉൾപ്പടെ മുൻഗണനാ വിഭാഗത്തിനുള്ള അരി | 3 രൂപ |
| ടൈഡ് ഓവർ അരി | 8.30 രൂപ |

**സെക്ഷൻ ഓഫീസർ**

## അനുബന്ധം - 2

റേഷൻ അരിയ്ക്ക് സംസ്ഥാന സർക്കാർ ഒരു മാസത്തേക്ക് നൽകി വരുന്ന സബ്സിഡി സംബന്ധിച്ച വിവരങ്ങൾ ചുവടെ ചേർക്കുന്നു.

(2017 മെയ് മാസം ആധാരമാക്കി)

| ഇനം | ഭക്ഷ്യധാന്യങ്ങളുടെ പ്രതിമാസ അളവ് മെ.ടണ്ണിൽ | സബ്സിഡി നിരക്ക് മെ.ടണ്ണിന് | തുക |
|---|---|---|---|
| എ.എ.വൈ. ഉൾപ്പടെ മുൻഗണനാ വിഭാഗത്തിനുള്ള അരി | 68880.668 | 3000 രൂപ | 20,66,42,004.00 |
| മുൻഗണനേതര-സബ്സിഡി (NPS) വിഭാഗത്തിനുള്ള അരി | 20965.644 | **6900** രൂപ | 14,46,62,943.60 |
| **ആകെ** | **89846.312** | | **35,13,04,947.60 (35.13 കോടി)** |

**സെക്ഷൻ ഓഫീസർ**